**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3331** **01-03-2023 - ൽ മറുപടിയ്ക്ക്**

**അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം നൽകാൻ നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ സി കെ ഹരീന്ദ്രൻ</th><th colspan="2">ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>കള്ളിക്കാട്, അമ്പൂരി, വാഴിച്ചൽ വില്ലേജുകളിലായി അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; ഇവർക്ക് എന്നത്തേക്ക് സ്ഥിര പട്ടയം നൽകാനാകുമെന്ന് അറിയിക്കാമോ;</td><td>(എ)</td><td>അഞ്ചുചങ്ങല പ്രദേശത്തെ പട്ടയ വിതരണം സംബന്ധിച്ച വിഷയത്തിന്റെ നോഡൽ ഓഫീസറായി നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വില്ലേജ് ഓഫീസുകളിലെ റവന്യൂ റിക്കോർഡുകൾ, നെയ്യാർ ഡാം അധികൃതർ നൽകിയ സ്കെച്ച് എന്നിവയെ അടിസ്ഥാനപ്പെടുത്തി ഇറിഗേഷൻ, വനം, റവന്യൂ എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ സംയുക്ത സ്ഥലപരിശോധന നടത്തിയിട്ടുള്ളതുമാണ്. MFL+1+10 എന്ന രീതിയിൽ അഞ്ചുചങ്ങല പ്രദേശം സർവ്വെ ചെയ്ത്, ഇറിഗേഷൻ വകുപ്പിനു നൽകിയ സ്കെച്ചിൽ അമ്പൂരി, വാഴിച്ചൽ വില്ലേജുകളിൽ മൂന്നു പോയിന്റുകളിൽ വ്യത്യാസമുള്ളതായും, തുടർന്നുള്ള പരിശോധനയിൽ വാഴിച്ചൽ വില്ലേജിൽ ഉൾപ്പെട്ടു വരുന്ന അഞ്ചു ചങ്ങല പ്രദേശം ക്ലാമല റീസർവ് ഫോറസ്റ്റ് എന്ന് വില്ലേജ് റിക്കോർഡുകളിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നതായി കണ്ടെത്തിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ, നിലവിൽ ഇറിഗേഷന്റെ അധീനതയിലുള്ളതും റവന്യൂ റിക്കാർഡ് പ്രകാരം ക്ലാമല റിസർവ് ഫോറസ്റ്റ് എന്ന് രേഖപ്പെടുത്തിയിരിയ്ക്കുന്നതുമായ അപേക്ഷകളിൽ കേരള ഭൂമി പതിവ് ചട്ടം 1964 പ്രകാരമാണോ വനാവകാശം ചട്ടം 1993 പ്രകാരമാണോ പട്ടയം നൽകേണ്ടതെന്നുള്ള കാര്യം പരിശോധിക്കേണ്ടതുണ്ട്. ആയതിലുണ്ടാകുന്ന തീരുമാനം അനുസരിച്ചും നിലവിലുള്ള കൈവശക്കാരുടെ വിവരങ്ങൾ ശേഖരിച്ചും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പ്രദേശത്തെ റീസർവേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; അഞ്ചുചങ്ങല പ്രദേശത്ത് ആകെ എത്ര പേർക്കാണ് പട്ടയം നല്കേണ്ടതെന്നും ആയതിന്റെ വിവരം ശേഖരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; ഇതിൽ താമസക്കാർ എത്രയാണെന്നും കൃഷിഭൂമി എത്രയാണെന്നും തരം തിരിച്ചിട്ടുണ്ടോ; ഇതിൽ എത്രപേർക്കുള്ള പട്ടയ നടപടികൾ നിലവിൽ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വില്ലേജ്</td><td>(ബി)</td><td>ടി പ്രദേശത്ത് 843 പേർക്ക് കൈവശമുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്. വാഴിച്ചൽ, അമ്പൂരി, കള്ളിക്കാട് വില്ലേജുകളിലെ റീസർവ്വേ നടപടികൾ പൂർത്തിയാക്കി സർവ്വേ റിക്കാർഡുകൾ 1994 ൽ കൈമാറിയിട്ടുണ്ട്. ആയത് പ്രകാരമുള്ള ഭൂമിയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.
<table>
<tr><th>വില്ലേജ്</th><th>ബ്ലോക്ക്</th><th>റീസർവ്വേ നം.</th><th>വിസ്തീർണ്ണം</th><th>ഭൂമിയുടെ വിവരം</th></tr>
<tr><td>അമ്പൂരി</td><td>33</td><td>1</td><td>257.12.23 H</td><td>സർക്കാർ കാണിപ്പറ്റ്, പൊതു<br>മരാമത്ത്, ജല<br>സേചനം, നെയ്യാർഡാം<br>റീസർവോയർ</td></tr>
<tr><td>വാഴിച്ചൽ</td><td>32</td><td>1</td><td>11075.82.20 H</td><td>ക്ലാമല റീസർവ്വ് വനം</td></tr>
<tr><td>കള്ളിക്കാട്</td><td>31</td><td>465/1</td><td>11.81.81.H</td><td>നെയ്യാർ ഡാം</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| | അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കുമോ; | | 241/5<br>നെയ്യാർ ഡാം റീസർവ്<br>26.31.12 H<br><br>നിലവിലുള്ള കൈവശക്കാരുടെ വിവരം ശേഖരിക്കുന്നതിന് ജീവനക്കാരെ നിയോഗിച്ചുത്തരവായിട്ടുണ്ട്. കൈവശം സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമായാൽ മാത്രമേ താമസക്കാരുടെ വിവരങ്ങൾ, പട്ടയം നൽകേണ്ടുന്ന കുടുംബങ്ങൾ, കൃഷിഭൂമി എന്നിവ ക്രോഡീകരികരിക്കുവാൻ സാധിക്കുകയുള്ളൂ. കൂടാതെ അഞ്ചുചങ്ങല പ്രദേശം ഉൾപ്പെടുന്ന വാഴിച്ചൽ, അമ്പൂരി, കള്ളിക്കാട് വില്ലേജുകളിലെ റീസർവ്വേ നടപടികൾ നടന്നു വരുന്നു. ഏത് ലെവൽ വരെയുള്ള ജലനിരപ്പിന്റെ അടിസ്ഥാനത്തിലാണ് പട്ടയം നൽകേണ്ടതെന്ന് ഇറിഗേഷൻ വകുപ്പിൽ നിന്നും തീരുമാനമായാൽ മാത്രമേ ടി പ്രദേശത്ത് പുനരധിവസിപ്പിയ്ക്കേണ്ടവരുടെ വിവരം തയ്യാറാക്കാൻ സാധിയ്ക്കുകയുള്ളൂ. നിലവിൽ പട്ടയ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. |
| (സി) | പ്രസ്തുത പട്ടയം നൽകുന്നതിനുള്ള നടപടികൾ എന്നുമുതലാണ് ആരംഭിച്ചിട്ടുള്ളതെന്നും ആയതിന്റെ മുഴുവൻ രേഖകളും റവന്യൂ വകുപ്പിൽ ലഭ്യമാണോയെന്നും അറിയിക്കാമോ; കൃത്യമായ റീസർവേ രേഖകൾ ഇല്ലായെന്ന കാരണത്താൽ പട്ടയ നടപടികൾ അനന്തമായി നീണ്ടുപോകുന്നത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | 2000 ൽ ആണ് പ്രസ്തുത നടപടികൾ ആരംഭിച്ചിട്ടുള്ളത്. ടി 3 വില്ലേജുകളിൽ, മുൻ ഒറ്റശേഖരമംഗലം വില്ലേജിന്റെയും അമ്പൂരി വില്ലേജിന്റെയും സെറ്റിൽമെന്റ് രജിസ്റ്റർ ഒഴികെയുള്ളവ താലൂക്ക് കാര്യാലയത്തിൽ ലഭ്യമാണ്. മുൻ ഒറ്റശേഖരമംഗലം വില്ലേജിന്റെയും അമ്പൂരി വില്ലേജിന്റെയും സെറ്റിൽമെന്റ് രജിസ്റ്റർ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സെൻട്രൽ സർവ്വേ ഓഫീസ് മുഖേന നടന്നു വരുന്നു. ഇവ കൂടി ലഭ്യമാക്കി മാത്രമേ തുടർ നടപടികൾ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. |
| (ഡി) | പ്രസ്തുത പട്ടയ നടപടികൾ പൂർത്തിയാക്കുന്നതിന് സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിലേയ്ക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ച് എത്രയും വേഗം അഞ്ചുചങ്ങല പ്രദേശത്തെ മുഴുവൻ ആളുകൾക്കും പട്ടയം ലഭ്യമാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശം നൽകാമോ? | (ഡി) | പ്രസ്തുത നടപടികൾ പൂർത്തിയാക്കുന്നതിനായി നെടുമങ്ങാട് ആർ.ഡി.ഒ-യെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം അർഹതപ്പെട്ട എല്ലാ ആളുകൾക്കും പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ